AKPCTA

No: 105
July, '92

# Kerala Private College Teacher

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധക്ക്

എകെപിസിടിഎ മെമ്പർഷിപ്പു പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുമല്ലോ. പരമാവധി അംഗങ്ങളെ ചേർത്തുകൊണ്ട് മുൻവർഷങ്ങളെക്കാശം മെമ്പർഷിപ്പു കൂട്ടണം. അതിനുള്ള പ്രവർത്തനം കോളേജിൽ ഓരോ ഡിപ്പാർട്ടുമെൻറിലും സംഘടിപ്പിക്കുക.

വരിസംഖ്യ ട്രഷററുടെ പേർക്ക് അയയ്ക്കണം. ഡി.ഡി. ആയി അയയ്ക്കുക. (D/D. Treasurer, All Kerala Private College Teachers' Association എന്ന പേരിൽ)

ട്രഷററുടെ വിലാസം:

പ്രൊഫ. സി. ജെ. ശിവശങ്കരൻ,
മഞ്ജുഷ
പേഷ്കാർ റോഡ്,
ഇരിങ്ങാലക്കുട 680121

## ജേർണൽ

എകെപിസിടിഎ മുഖപത്രമായ പ്രൈവററ് കോളേജ് ടീച്ചർ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. പ്രസിദ്ധീകരണരംഗത്തെ വൻ ചെലവ് താങ്ങാവുന്നതല്ല. എങ്കിലും ജേർണൽ തുടർന്ന് മുടങ്ങാതെ പ്രസിദ്ധീകരിക്കും. വരിസംഖ്യ ഉടൻതന്നെ മാനേജിംഗ് എഡിററർക്ക് ഡി.ഡി. ആയി അയയ്ക്കുക.

വിലാസം:

പ്രൊഫ. കെ. പി. ദിവാകരൻനായർ,
അശ്വതി, 3/20551
എൽ.ഐ.സി. ലെയിൻ-'ബി'
പട്ടം, തിരുവനന്തപുരം.

## മാററർ

ജേർണലിലേയ്ക്ക് ബ്രാഞ്ചുകളിൽനിന്നും മാററർ അയച്ചുതരണം. വാർത്തകളും, ലേഖനങ്ങളും, കവിതകളും–എല്ലാം. എഡിറററുടെ പേർക്കാണ് അയയ്ക്കേണ്ടത്.

വിലാസം;

പ്രൊഫ. വി. എൻ. മുരളി,
വസന്തം
ചെമ്പകശേരി നഗർ,
കേശവദാസപുരം,
തിരുവനന്തപുരം.


# കേരള പ്രൈവററ് കോളേജ് ടീച്ചർ

എ കെ പി സി ടി എ മുഖപത്രം നമ്പർ 105

ജൂലൈ 1992



| | |
|---|---|
| എഡിററർ | വി. എൻ. മുരളി |
| മാനേജിംഗ് എഡിററർ | കെ. പി. ദിവാകരൻ നായർ |
| പത്രാധിപ സമിതി : | ജോർജ് സെബാസ്ററ്യൻ |
| ടി. എൻ. രാമൻ പിള്ള | പി. ജി. ചന്ദ്രശേഖരൻനായർ |
| സി ജെ ശിവശങ്കരൻ | ജോർജ്ജ് |
| ഡോ. കെ. ബി. പവിത്രൻ | ഡോ. രാജേന്ദ്രൻ, ജോണി കെ. ജോൺ, |

# പണിമുടക്കിന് തയ്യാറാവുക

**കോ**ളേജധ്യാപകരുടെ മുന്നിൽ പണിമുടക്കല്ലാതെ മറ്റൊരു മാർഗവുമില്ലാത്തതാണ് ഇപ്പോഴത്തെ അവസ്ഥ. അധ്യാപകരെ പിരിച്ചുവിടാനുള്ള ഉത്തരവാണ് സർക്കാർ ഇറക്കിയിരിക്കുന്നത്. ഇരുപത്തഞ്ചും അതിലേറെയും വർഷങ്ങളായി ജോലിനോക്കിവരുന്ന അധ്യാപകരുടെ ശമ്പളം തടഞ്ഞിട്ട് നിരവധി മാസങ്ങളായി. അതു ലഭിക്കുന്നതിനുവേണ്ടി എ.കെ.പി.സി.ടി.എ. പ്രക്ഷോഭം നടത്തിവരികയായിരുന്നു. അപ്പോഴാണ് അധ്യാപകരെ പിരിച്ചുവിട്ടു പരിഹാരമുണ്ടാക്കാൻ സർക്കാർ തുനിഞ്ഞിരിക്കുന്നത്. തലവേദനയ്ക്കു പരിഹാരം തല വെട്ടുകയാണെന്നു ചിന്തിക്കുന്ന സർക്കാരിന്റെ മുന്നിൽ സംഘടനയ്ക്കിനി പണിമുടക്കല്ലാതെ മററു മാർഗ്ഗമില്ല.

എല്ലാ അധ്യാപകർക്കും യു.ജി.സി. സ്കീമിന്റെ ആനുകൂല്യം നൽകുമെന്നു പ്രഖ്യാപിച്ച് അധികാരത്തിൽ വന്നവരാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. എന്നാൽ എല്ലാവർക്കുമായി സ്കീം വ്യാപിപ്പിച്ചില്ലെന്നു മാത്രമല്ല ഉള്ളതുകൂടി വെട്ടിച്ചുരുക്കാനാണ് ഇപ്പോഴവർ ശ്രമിക്കുന്നത്. എക്കാലവും സ്കീമിനെ എതിർത്തുപോന്നിട്ടുള്ള ബ്യൂറോക്രസിയുടെ ചരടുപിടിത്തവും ശക്തമായിട്ടുണ്ട്. 1-4-'90 വരെ റഗുലർ വേക്കൻസിയിൽ നിയമിക്കപ്പെട്ട മുഴുവൻ അധ്യാപകർക്കും അവർക്ക് വർഷം തികയുന്ന മുറയ്ക്ക് യു.ജി.സി. സ്കീമിന്റെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുമെന്ന് മുൻ സർക്കാർ പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ 13-3 '90 മുതൽ 16 മണിക്കൂർവച്ച് വർക്കുലോഡു കണക്കാക്കണമെന്നും അങ്ങിനെ കണക്കാക്കുമ്പോൾ വർക്കു ലോഡില്ലെങ്കിൽ അധ്യാപകരെ പിരിച്ചു വിട്ടേക്കാനുമാണ് പുതിയ ഉത്തരവിൽ പറയുന്നത്. പ്രൈവററ് കോളേജുകളിൽ വർക്കുലോഡു നിശ്ചയിക്കേണ്ടത് നിയമപ്രകാരം യൂണിവേഴ സിററിയാണ്. ഇതു സംബന്ധിച്ച് ഒരറിയിപ്പും നാളിതുവരെ യൂണിവേഴ്സിററികളിൽ നിന്നും കോളേജുകളിൽ എത്തിയിട്ടില്ല കേരള-കാലിക്കട്ട് സർവ്വകലാശാലകൾ ഓർഡിനൻസ് വ്യവസ്ഥകൾ അമൻറു ചെയ്ത് സർക്കാരിനു സമർപ്പിച്ചിട്ട് അതിന്മേൽ യാതൊരു തീരുമാനവുമായിട്ടില്ല കോളേജു പ്രിൻസിപ്പലന്മാരെ വിളിച്ച് പതിനാറു മണിക്കൂറാണ് വർക്ക്ലോഡ് എന്ന് പറഞ്ഞുവിടാനല്ലാതെ വ്യക്തമായ ഉത്തരവു നൽകാൻ സർക്കാരിനും കഴിഞ്ഞിട്ടില്ല. ഇതാണു സ്ഥിതിയെന്നിരിക്കെ ഈ കാര്യം വച്ച് അധ്യാപകരെ പിരിച്ചുവിടാൻ ഉത്തരവിറക്കുന്നവരെപ്പററി എന്തു പറയാനാണ്?

യു.ജി.സി. വ്യവസ്ഥകൾ ദുർവ്യാഖ്യാനം ചെയ്ത് അധ്യാപകരുടെ

പ്രൊമോഷൻ തടയാനുള്ള നീക്കവും സർക്കാർ ആരംഭിച്ചിട്ടുണ്ട്. 1991 സെപ്തംബർ 19ന് ഇറക്കിയ യു.ജി.സി. റഗുലേഷനിൽ പറയുന്നത്, നിലവിലുള്ള കോളേജദ്ധ്യാപകർക്ക് അവരെ നിയമിച്ച സമയത്ത് സർവ്വകലാശാലകൾ നിശ്ചയിച്ച യോഗ്യതകൾ മതിയെന്നാണ്. എന്നാൽ ഇപ്പോൾ സീനിയർ/സെലക്ഷൻ ഗ്രേഡു പ്രൊമോഷനുകൾക്ക്, യുജിസി നിബന്ധനകൾക്കു വിരുദ്ധമായി, 55 ശതമാനം മാർക്ക് വേണമെന്ന് പുതുതായി നിയമം കൊണ്ടുവരികയാണ്. വർഷങ്ങൾക്കുമുമ്പ് എം.എ./എം. എസ്സി. പരീക്ഷ പാസ്സായി സർവ്വീസിൽ വന്ന അധ്യാപകർ അവരുടെ അന്നത്തെ പരീക്ഷയുടെമാർക്ക് ഇന്ന് മെച്ചപ്പെടുത്തണമെന്ന് പറയുന്നത് അസാധ്യമാണല്ലോ.

അദ്ധ്യാപകർക്ക് ശമ്പളത്തിൽ മാത്രമേ താൽപര്യമുള്ളൂ എന്നാണ് വിദ്യാഭ്യാസ മന്ത്രിയുടെ ഭാഷ്യം! തിരിച്ചൊന്നു ചോദിച്ചുകൊള്ളട്ടെ. അക്കാദമിക് ഇംപ്രൂവ്മെൻറിന് സർക്കാരെന്തു ചെയ്തു? യു ജി സി സ്കീമനുസരിച്ച്, വിജ്ഞാനരംഗത്തെ ആധുനിക നേട്ടങ്ങൾ വരെ വിദ്യാർത്ഥികളിലെത്തിക്കാൻ അധ്യാപകരെ സജ്ജമാക്കാൻ സ്കീം പ്രയോജനപ്പെടുത്തണമെന്നാണ്. ഇതിനുള്ള വല്ല സൗകര്യവും സർക്കാർ ഒരുക്കുന്നുണ്ടോ? ഇല്ലെന്നു മാത്രമല്ല താൽപര്യമെടുക്കുന്ന അധ്യാപകനെ സാങ്കേതികത്വത്തിന്റെ നൂലാമാലാകളിൽ കുരുക്കി പിൻതിരിപ്പിക്കയല്ലേ ഇന്നു നടക്കുന്നത്. ശമ്പളം വെട്ടുമെന്ന ഭീതിയില്ലാതെ അധ്യാപകനിന്ന് റിഫ്രഷർ കോഴ്സിനും മററും പോകാനാകുമോ? ആ സൗകര്യം തന്നെ എത്ര പേർക്കിന്നു ലഭിക്കുന്നുണ്ട്? ആധ്യാപകന്റെ ഉപരിപഠന സൗകര്യങ്ങളും ഗവേഷണ സൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ടോ? രാവിലെ 9 മുതൽ വൈകിട്ടു നാലുവരെ അധ്യാപകൻ കോളേജിൽ ഇരിക്കണം. എന്തിന്? കോളേജിൽ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള എന്തെങ്കിലും സൗകര്യമുണ്ടോ? അതൊന്നും ചെയ്യാതെ അധ്യാപകനെ സമൂഹത്തിന്റെ മുന്നിൽ കരിതേച്ചു കാണിച്ച് രക്ഷപ്പെടുന്ന സ്വഭാവം വിദ്യാഭ്യാസ മന്ത്രി മാറേറണ്ടതാണ്. സ്വന്തം ജോലി തികഞ്ഞ ഉത്തരവാദിത്വത്തോടെ നിറവേററുന്നവർ തന്നെയാണ് അധ്യാപകർ. പക്ഷേ അവർ പണിയെടുക്കുന്ന കോളേജിൽ കോവാങ്ങി കീശവീർപ്പിക്കുന്ന മാനേജരെ നിയന്ത്രിക്കാൻ സർക്കാരിന് ധൈര്യമുണ്ടോ? അതെങ്ങനെ? ആ മാനേജരല്ലേ ഈ സർക്കാരിന്റെ വിദ്യാഭ്യാസ ഉപദേഷ്ടാവ്!

അധ്യാപകന്റെ ശമ്പളം വെട്ടുക, പിരിച്ചു വിടുക, ഭാരിച്ച ശമ്പളം, ഭാരിച്ച ശമ്പളം എന്നു പറഞ്ഞ് അധിക്ഷേപിക്കുക—ഇതൊന്നും പ്രശ്നം പരിഹരിക്കില്ല. മന്ത്രിയുൾപ്പടെ എല്ലാവരും ഇതു മനസിലാക്കണം. ആരുടേയും ഔദാര്യത്തിന്റെ പുറത്തല്ല പ്രൈവററ് കോളേജധ്യാപക സമൂഹം വളർന്ന് വന്നത്. സംഘടിച്ചും, സാമൂഹ്യബോധമുൾക്കൊണ്ടും, പ്രതികരിച്ചുമൊക്കെയാണ്. തുടർന്നും എ.കെ. പി സി ടി എ യുടെ കൊടിക്കീഴിൽ അധ്യാപകർ ആ വഴിക്കു തന്നെ മുന്നേറും.

പിരിച്ചു വിടൽ ഉൾപ്പടെ ഇന്നു വന്നു ചേർന്നിരിക്കുന്ന വിപത്തിനെതിരേ സമര സജ്ജരാകാൻ എല്ലാ കോളേജധ്യാപകരോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

# ചരിത്രം സൃഷ്ടിക്കലാണ് യുവത്വത്തിൻെറ ചുമതല

പ്രൊഫ. എം. എൻ. വിജയൻ

നാം വാർദ്ധക്യം ബാധിച്ചവരാണ്. നമ്മുടെ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും വാർദ്ധക്യത്തിൻെറ ആധിപത്യം പ്രബലമായി കാണാവുന്നതാണ്. ഇതിനൊരുകാരണം, നമ്മുടെ യുവത്വം വിപ്ലവം ഉല്പാദിപ്പിക്കുന്നില്ലായെന്നതാണ്. അല്ലെങ്കിൽ സാധാരണ രീതിയിൽ പറഞ്ഞാൽ നമ്മുടെ യുവാക്കളുടെ മനസ്സിൽ വിപ്ലവ ചിന്തകൾ ഉണരുന്നില്ലായെന്നതാണ്. നമ്മുടെ യുവത്വം കൂടുതൽ വന്ധ്യം ആയിതീർന്നുകൊണ്ടിരിക്കുന്നു. ഇതു നാം അങ്ങനെ സമ്മതിക്കുകയില്ല. അങ്ങനെ പറയുന്നത് ഇഷ്ടപ്പെടാത്ത ആളുകളാണ്. വളരെ ചെറിയ കളിപ്പാട്ടങ്ങൾ കൊണ്ട് ഒരിക്കലും കളിക്കാൻ കഴിയാത്ത കളിച്ചുകൊണ്ടിരിക്കുന്ന മുതിർന്ന കുട്ടികളാണ്—25 വയസ്സുള്ള കുട്ടികൾ—നമ്മൾ ഇങ്ങനെ കളിക്കുമ്പോൾ ഉണ്ടാകുന്ന ആത്മസുഖം ജീവിതം വളരെ ഭംഗിയായി നടക്കുന്നു എന്നും ലോകം വളരെ സുഭഗമായിരിക്കുന്നു എന്നുമുള്ള ബോധം നമ്മുടെ മനസ്സിൽ ഉണ്ടാകുന്നു. മുറുക്കിക്കൊണ്ടിരിക്കുന്നവർക്ക് ലോകത്തിനു നല്ല മുറുക്കമുണ്ടെന്നു തോന്നുന്നതുപോലെ. നമുക്ക് ചുററിലും ജീർണ്ണതയാണ്. ജീർണ്ണത വാർദ്ധക്യത്തിൻെറ പര്യായപദമാണ്. നമ്മുടെ ഇന്നത്തെ പ്രധാന ജോലി ജീർണ്ണോദ്ധാരണമാണ്. അടിയന്തരാവസ്ഥ കാലത്ത് നാവടക്കു പണിയെടുക്കു എന്ന മുദ്രാവാക്യമുണ്ടായിരുന്ന കാലത്ത് വളരെ തന്ത്രപൂർവ്വം നമ്മുടെ യുവത്വത്തോട് ഉപദേശിച്ചത്, ഹജൂരാവോയിൽ, മൈലാപ്പൂരിൽ, ഇന്ത്യയിലെ ക്ഷേത്രങ്ങളിലും പള്ളികളിലും ചെന്ന് യുവാക്കൾ അവയുടെ പൂപ്പൽ ചുരണ്ടണമെന്നാണ്. നമ്മുടെ പഴയ സ്മാരകങ്ങൾ അഴുക്കു മാററി നിലനിർത്തുക എന്നുള്ളതാണ് നമ്മുടെ യുവത്വത്തിനു നിർദ്ദേശിച്ച ജീവിതധർമ്മം. മരിച്ചവരുടെ എല്ലുകൾക്കും മരിച്ചവരുടെ കല്ലുകൾക്കും വൃത്തിയുണ്ടാക്കുന്നതല്ല യുവത്വത്തിൻെറ ചുമതല. അവരുടെ ചുമതല ജീവിക്കുകയാണ്; ജീവിച്ചുകൊണ്ട് ചരിത്രം നിർമ്മിക്കുകയാണ്. ചരിത്രം പഠിക്കുകയും ചരിത്രം ആവർത്തിക്കുകയുമാണ് യുവത്വം ചെയ്യുന്നതെങ്കിൽ തീർച്ചയായും, യുവത്വത്തിനു ഭാവിയുണ്ടോയെന്ന് എനിക്കു സംശയമാണ്. ഇതുകൊണ്ടാണ് കത്തിക്കാളുന്ന ഒരു ദേശാസനന്ധിയിൽ ജനിച്ചുപോയ ഇന്നത്തെ വൃദ്ധന്മാർ, 1947-നു മുമ്പു ജനിച്ചുപോയ ഇന്നത്തെ വർദ്ധന്മാർ അവരുടെ മനസ്സിൽ ഇന്നലെ വരെ കെടാതെ നിൽക്കുന്ന തീയുമായി വന്ന് പുതിയ തലമുറയോടു സംസാരിക്കാൻ ഇടവരുന്നത്. ഇവിടെ പറഞ്ഞതിൻെറ ആകെക്കൂടിയുള്ള അർത്ഥം ജീവിതത്തിനു തീപിടിക്കുമ്പോൾ, ചരിത്രത്തിനു തീപിടിക്കുമ്പോൾ സാഹിത്യ പ്രവർത്തനം രാഷ്ട്രീയ പ്രവർത്തനം തന്നെയായിത്തീരുമെന്നാണ്.

1920 കൾക്കുശേഷം ഇൻഡ്യൻ സാഹിത്യം മുഴുവൻ ഒരുപടപ്പാട്ടായിത്തീരുകയാണുണ്ടായതെന്ന് ശുദ്ധകലക്കുംവേണ്ടി വാദിക്കുന്ന ആളുകൾ ഇന്ന് ഓർക്കുന്നില്ല. വള്ളത്തോളിൻെറ വിപ്ലവ വീര്യമുള്ള കവിതകൾ, വരുന്ന മാതൃഭൂമിയുടെ കെട്ടുകൾ അഴിക്കാൻ അന്ന് അതിനു ചുററും യുവാക്കൾ നിൽക്കുമായിരുന്നു. ഇതൊരു ദേശസന്ധിയാണ്. എല്ലായ്പോഴും ഇങ്ങനെ ഉണ്ടായിക്കൊള്ളണമെന്നില്ല. അന്നു പാടിയ പാട്ടുകൾ ഇപ്പോൾ നിലനിൽക്കണമെന്നില്ല. നാം തെററിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു. ലോകത്തുണ്ടാകുന്നതെല്ലാം നിലനിൽക്കാനുള്ളതല്ല. ഭക്ഷണം കഴിക്കുന്നത് ഭക്ഷണം നിലനിൽക്കാനല്ല ജീവിതം നിലനിൽക്കാനാണ്. നിങ്ങൾ കഴിക്കുന്ന ഭക്ഷണം ഊർജ്ജമായി, നിങ്ങളുടെ ഞരമ്പിലെ ചോരയായി, നിങ്ങളുടെ കർമ്മ ശക്തിയായി നിങ്ങളുടെ പ്രവർത്തനങ്ങളായി, നാളത്തെ ചരിത്രമായി രൂപാന്തരപ്പെടുന്നു എന്നതാണ് തീർച്ചയായും

നാം കഴിക്കുന്ന താല്ക്കാലിക വൈകാരിക ഭക്ഷണത്തിന്റെ അർത്ഥം,

'വരിക വരിക സഹജരെ' എന്നു പാടിയ അംശി നാരായണപിള്ളയെ ആരും ഓർക്കുന്നില്ലെങ്കിലും വള്ളത്തോളിനെക്കാൾ പ്രസിദ്ധനായ കേരളത്തിലെ ഒരു കവിയായിരുന്നു ഇതിനകം അന്തരിച്ച അംശി നാരായണപിള്ള. വരിക, വരികസഹജരേസഹന സമര സമയമായ്'' എന്ന അദ്ദേഹത്തിന്റെ പാട്ട് ആരും ഓർക്കുന്നില്ല. പക്ഷെ ആ പാട്ടു പാടിക്കൊണ്ട് അന്നത്തെ ചെറുപ്പക്കാർ നടന്നിരുന്നത് ചരിത്രത്തിന്റെ തെരുവിൽ കൂടിയായിരുന്നു. ചരിത്രമാകെ മുമ്പോട്ടുപോയി. ചരിത്രത്തെ മുമ്പോട്ടുകൊണ്ടുപോകുകയാണ് പാട്ടിന്റെ ലക്ഷ്യം ''പാട്ടുകാരൻ നാളെയുടെ ഗാട്ടുകാരനല്ലോ'' എന്ന് ഒ.എൻ.വി യല്ലേ പാടിയത്. കലയെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും മററുമുള്ള ചിരന്തനമായ തെററിദ്ധാരണകളിലാണ് നാം ഉണ്ടും ഉടുത്തും വളർന്നും പോന്നിട്ടുള്ളത്. ഇതിൽ നിന്ന് നമുക്ക് എളുപ്പത്തിൽ മോചനമില്ല. കാരണം ദൃശ്യകാലഘട്ടത്തിനു മുമ്പിൽ നീണ്ട ഭൂതകാലഘട്ടത്തിനു ഉണ്ടായിരുന്ന സൗന്ദര്യ സങ്കല്പങ്ങൾ കൊണ്ട് കുതിർന്നു കിടക്കുകയാണ് നമ്മുടെ തലച്ചോറു മുഴുവൻ. ഇപ്പോഴും അതാണ് സൗന്ദര്യം എന്നു നാം തെററിദ്ധരിച്ചുകൊണ്ടിരിക്കുന്നു

പറയാൻ ഉദ്ദേശിക്കുന്ന കാര്യം അതല്ല. നാം... നാമെന്നു പറഞ്ഞാൽ എൻജി.ഒ.മാരും അദ്ധ്യാപകരുമല്ല. എൻജി ഒ മാർക്കും ഞങ്ങൾ അദ്ധ്യാപകർക്കും ജീവിതമെന്നൊന്നില്ല. ഇത് ഇഷ്ടമുള്ള കാര്യമല്ലായിരിക്കാം. പക്ഷേ ഏറെക്കുറെ വാസ്തവമായ ഒരു കാര്യമാണ്. കെ. എസ്.ആർ കൊണ്ടും കെ ഇ.ആർ കൊണ്ടും നിർമ്മിക്കപ്പെട്ട ഒരു സ്ട്രക്ച്ചർ ആണ് നമ്മുടെ ജീവിതം. അതുകൊണ്ട് ഒരു എൻ.ജി.ഒ.യുടെ ജീവിതകഥയെഴുതിയാൽ അത് മറെറാരു എൻ.ജി.ഒ വിന്റെ ആത്മകഥയും ആയിത്തീരും. ഇതാണ് വ്യക്തിത്വത്തിന്റെ തിരോഭവിക്കൽ എന്നു പറയുന്നത്. ഇതൊരു ചെറിയ കാര്യമല്ല. നമ്മൾ ഭരണ വർഗ്ഗത്തിന്റെ ആരാച്ചാരന്മാരാണ്. നമ്മുടെജോലി ജനങ്ങളെ ചതക്കലും അരയ്ക്കലുമാണ്, ഈ കാര്യം സർദാർ വല്ലഭായ് പട്ടേൽ പ്രസംഗിക്കുന്നത് ഞാൻ കേട്ടതാണ്. സ്ററിം റോളർ പ്രസംഗം. പഴയ പത്ര പ്രവർത്തകർ ഓർക്കുന്നുണ്ടാകും, മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ കൊച്ചി മഹാരാജാവിന്റെ കസേരയും വലിച്ചിട്ട് ഇരുന്ന് അന്നദ്ദേഹം പറഞ്ഞത് ഇവിടെ കമ്മ്യൂണിസ്ററുകാരുണ്ടാകാം. എന്നാൽ ഒരിക്കൽ കോൺഗ്രസ്സിന്റെ സ്ററീം റോളർ ഉരുണ്ടു കഴിയുമ്പോൾ എല്ലാം ഒററ നിരപ്പാകും. അദ്ദേഹം പറഞ്ഞതുപോലെ നമ്മുടെ രാജ്യം ഒററ നിരപ്പായില്ല. അദ്ദേഹം മാത്രമല്ല അതിനടുത്ത മൈതാനിയിൽ സർദാർ വല്ലഭായി പട്ടേലിന്റെ ജീവചരിത്രം എഴുതി എന്നു പറയുന്ന കേന്ദ്ര സാംസ്ക്കാരിക മന്ത്രി പറഞ്ഞത് ബുദ്ധമതം നശിപ്പിക്കാൻ ഒരു ശങ്കരൻ കേരളത്തിൽ ജനിച്ചതുപോലെ കമ്മ്യൂണിസത്തെ നശിപ്പിക്കാൻ ഒരു ശങ്കരൻ കേരളത്തിൽ ജനിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു എന്നാണ്. അന്ന് കൈയടിക്കാൻ ആളുകൾ ഉണ്ടായിരുന്നു. പക്ഷേ പിന്നീടു കേരളത്തിൽ ജനിച്ച ശങ്കരന്റെ പണിയതായിരുന്നില്ല എന്നു ഞാൻ മനസ്സിലാക്കുന്നു. വലിയ ആളുകൾ വലിയ വിഡ്ഢിത്തം പറയും., പക്ഷേ പല വലിയ ആളുകളും അവർ പറയുന്നത് വിഡ്ഢിത്തമാണെന്നു മനസ്സിലാക്കുന്നില്ല. ഗാന്ധിജി മാത്രമേ നമ്മുടെ നാട്ടിൽ താൻ പറയുന്നതിൽ വിഡ്ഢിത്തമുണ്ടെന്നു മനസ്സിലാക്കിയിരുന്നുള്ളൂ. അതുകൊണ്ട് അദ്ദേഹം തന്റെ ആത്മകഥയുടെ ഒരദ്ധ്യായത്തിന് ഹിമാലയൻ വങ്കത്തമെന്നു പേരിട്ടു. നാം ചെയ്താൽ ചെറിയ വങ്കത്തമാകും. പക്ഷേ ഗാന്ധിജി ചെയ്താൽ അത് ഹിമാലയൻ വങ്കത്തമാകും. നെഹ്റു ഒപ്പിട്ടാൽ ഇൻഡ്യ രണ്ടായിത്തീരും. നാം ഒപ്പിട്ടാൽ അതു കള്ളയൊപ്പായിത്തീരുമെന്നപോലെ. അതുകൊണ്ടാണ് 1947-ൽ അഖണ്ഡ ഭാരതത്തെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കെ, ഏറെപ്പൊക്കമുള്ള അതിർത്തി ഗാന്ധി ജീവിച്ചിരിക്കെത്തന്നെ വെട്ടിമുറിക്കലും നടന്നത്.

നമ്മൾ ഒരു വ്യവസ്ഥയിലെ കുഞ്ഞാടുകളാണ്. അദ്ധ്യാപകർ നേരത്തെ കൂട്ടി പാകപ്പെടുത്തിയ ചില കാര്യങ്ങൾ ജനങ്ങളെ പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന താപ്പാനകളാണ്. കുഴിയിൽ വീണ ആനക്കുട്ടി മെരുകുന്നതുപോലെ നേഴ്സറികളിൽ കൊണ്ടുപോയി, ഒന്നാം ക്ലാസിൽ കൊണ്ടുപോയി, പിന്നെ നിരന്തരമാ

യി മെരുക്കലാണ് അവരുടെ ജോലി. വാർദ്ധക്യമാകുന്നതുവരെ മെരുക്കുകയെന്നതാണ് ആധുനിക സമുദായം സ്വീകരിച്ചിട്ടുള്ള ഒരതി ജീവനതന്ത്രം. അതായത് നിങ്ങളുടെ വിദ്യാഭ്യാസകാലഘട്ടം ഏതാണ്ട് 40-45 വയസ്സുവരെ ആക്കിതീർക്കുകയും ഈ കാലമത്രയും നിങ്ങൾക്ക് ബസ്സിൽ 10 പൈസക്കു സഞ്ചരിക്കാൻ സൗജന്യം നൽകുകയും ചെയ്താൽ ഇവിടിത്തെ യുവജന പ്രശ്നം അവസാനിപ്പിക്കാമെന്നത് വൃദ്ധൻമാർ കണ്ടുപിടിച്ച ഒരാധുനിക ഭാരതീയ തന്ത്രമാണ്. ഇതു നമ്മുടെ യുവാക്കൾ അറിയുന്നില്ല. എന്നു മാത്രമല്ല ബസ്സ് ചാർജിനു വേണ്ടിയുള്ള സമരമാണ് വിമോചന സമരമെന്ന് അവർ മനസ്സിലാക്കുകയും ചെയ്യുന്നു. ഈ വിമോചന സമരത്തിനു ശേഷം ആരാണ് അധികാരത്തിൽവരുന്നത് എന്നറിയാൻപോലും അവർക്കിടവരുന്നില്ല. ജോലിചെയ്യുന്ന അദ്ധ്യാപകൻ വച്ചുവിളമ്പിയ കറികൾ, അഭിരുചികൾ, ഇട്ടകോപ്പിപുസ്തകത്തിൽ എഴുതിയിട്ടിട്ടുള്ള അക്ഷരത്തിന്റെ ക്രമങ്ങൾ എന്നിവയെല്ലാം ജനങ്ങളെ പഠിപ്പിക്കുന്നു. ഭരണഘടനയുടെ പവിത്രതയെക്കുറിച്ച് നമ്മൾ പഠിപ്പിച്ചുകൊണ്ടിരിക്കെത്തന്നെ ഈ ജോലിക്കു നമ്മെ നിയോഗിച്ചവർ പാർലമെൻറിൽ ഭരണഘടന പവിത്രമാണെന്നും അലംഘനീയമാണെന്നും 26 വയസ്സായ ആർക്കും പ്രസിഡൻറാകാമെന്നും നാം മൂന്നാംതരത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കവെയാണ് നമ്മുടെ ഭരണഘടന ഭേദഗതിചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന്റെ സ്വഭാവം അതു സ്വയം ഭേദഗതിചെയ്യുന്ന ഒരു വ്യവസ്ഥയാണ് എന്ന് പഠിപ്പിക്കാൻ നാം ഒരിക്കലും അദ്ധ്യാപകരെ അനുവദിച്ചിട്ടില്ല. ഈ വഞ്ചന ഏറ്റെടുത്തു നടത്തുന്ന ചുമതലയാണ് യു. ജി. സി. ശമ്പളം വാങ്ങി, കേന്ദ്രനിരക്കിൽ ശമ്പളം വാങ്ങി പെൻഷനായുള്ളവർക്കുള്ള രോഗനിവാരണവ്യവസ്ഥകൾ നേടി, നാം ചെയ്തു കൊണ്ടിരിക്കുന്നത്. ഇതിന്റെ മറ്റൊരു ഭാഗമാണ് തീർച്ചയായും നമ്മുടെ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ചുമതല. എല്ലാ ഉദ്യോഗസ്ഥൻമാരും റാങ്കുലിസ്റ്റിൽ, പത്തിനോ ഇരുപതിനോ മുപ്പതിനോ, ഇടയ്ക്കു വരുന്നവരാണ്. എന്നാൽ ആയിരത്തിനുശേഷവും പേരുണ്ട്. നിങ്ങൾ ഒരാൾ ജോലി നേടുമ്പോൾ ആയിരവും തെണ്ടുകയാണെന്നോർക്കാനുള്ള സൗകര്യം ഒരൊററ ദിവസംകൊണ്ട് നിങ്ങൾക്കു നഷ്ടപ്പെടും. തെരുവിൽകൂടി നടക്കുമ്പോൾ തെരുവിൽ വലിച്ചെറിയപ്പെട്ടവനെക്കുറിച്ചും വീട്ടിൽ സുഖമായിരിക്കുമ്പോൾ വീട്ടിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവനെക്കുറിച്ചും ആലോചിക്കാൻ നമുക്ക് ഇടം കിട്ടുന്നില്ല. അതുകൊണ്ടാണ് പ്രശസ്തനായ ഒരുകോളേജ് അദ്ധ്യാപകൻ(പ്രശസ്തൻ എന്നു പറഞ്ഞാൽ കുറെ കുട്ടികൾ അറിയുന്ന ആൾ) നമ്മുടെ മുഖ്യമന്ത്രിയുടെ അടുത്ത് ഒരഭ്യർത്ഥനയുമായി ചെന്നപ്പോൾ ദൂതലക്ഷണമറിയാവുന്ന അദ്ദേഹം ചോദിച്ചത് 'ട്രാൻസ' ഫറിനുള്ള അപേക്ഷയാണല്ലേ', അതായത് നമ്മുടെ സായൂജ്യം നമ്മുടെ വൈകുണ്ഠം ട്രാൻസ്ഫർ ആണെന്നീ മുഖ്യമന്ത്രിക്കറിയാം. അതുകൊണ്ടാണ് മുഖ്യമന്ത്രിമാരും മററു മന്ത്രിമാരും നമ്മെ ഇങ്ങനെ കൈകാര്യം ചെയ്യുന്നത്. ഇതു നമ്മേപ്പററി മാത്രമല്ല, ജഡ്ജിമാർക്കുപോലും അധീരത ഉണ്ടാക്കുമെന്ന് ആദ്യമായി മനസ്സിലാക്കിയത് ഇന്ദിരാഗാന്ധിയാണ്. കള്ളനെ സത്യം പറയാൻ ഉപയോഗിക്കുന്ന ഒരു മാർഗ്ഗം വിറക്കുന്ന ഒരു പീഠത്തിൽ അയാളെ നിർത്തുകയാണ് സ്വയം വിറച്ചുകൊണ്ടിരുന്നാൽ കളവ് ആലോചിക്കാനുള്ള ബുദ്ധിശക്തിയുണ്ടാകില്ല. അതുകൊണ്ട് നിങ്ങൾ വിറച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ എന്തു ചോദിച്ചാലും തത്തയെ പ്പോലെ പറയും. ഇങ്ങനെ സത്യം പറയിക്കാനുള്ള മാർഗ്ഗം നമ്മുടെ മന്ത്രിമാർ സ്വായത്തമാക്കിയിട്ടുണ്ട്. അദ്ധ്യാപകൻ, എൻ.ജി. ഒ., കുടുംബക്കാരനായതുകൊണ്ട് കുട്ടികളുള്ളവനായതുകൊണ്ട്, പശുക്കൾ ഉള്ളവനായതുകൊണ്ട്, പലപ്പോഴും രജിസ്ട്രേഷനുള്ള കാറുകൾ ഉള്ളവനായതുകൊണ്ട് അയാൾ ഒരു സ്ഥാവരവസ്തുവായി തീർന്നിരിക്കുന്നു എന്നത് ഒരു മന്ത്രിക്കറിയാം. അതുകൊണ്ട് ഒരു മന്ത്രിയോ മന്ത്രിയുടെ അടുത്ത രാഷ്ട്രീയ പ്രവർത്തകനോ ഒരു നീണ്ട ട്രാൻസ്ഫർ ലിസ്ററ് അച്ചടിച്ചു കൈയ്യിൽ വച്ചിരിക്കുകയും അത് ഭീഷണിയായി കൂടെക്കൂടെ കാണിക്കുകയും ചെയ്താൽ എല്ലാ ധാത്രിമാരും അയാളുടെ കൈപിടിക്കും. ഒരു ട്രാൻസ്ഫർ ലിസ്ററ് അച്ചടിച്ച് വച്ചാൽ ഏതു കേസും ജയിക്കാമെന്നാണ് രാഷ്ട്രീയത്തിൽ നിന്നുനാം പഠിക്കുന്ന ഒരു പാഠം. സ്ഥലം മാററ ലിസ്ററു കാണിച്ച്

നിങ്ങളെ ഒരു വിറക്കുന്ന പീഠത്തിലിരുത്തുകയാണ്. വിറക്കുന്ന പീഠത്തിൽ കേന്ദ്ര ഡി. എയും കാത്തിരിക്കുന്ന നിങ്ങൾക്ക് പുറത്തുള്ള തിളങ്ങുന്ന ജീവിതം കാണാൻ കഴിയുന്നില്ല. അതായത് നമുക്ക് ഉണ്ടാകുന്ന മാററം നമ്മെ നെർവസ് ആക്കിത്തീർക്കുന്നു. നെർവസ് ആയിതീരുന്നയാൾക്ക് ധൈര്യം ഉണ്ടാവുകയില്ല. അയാൾക്ക് രാഷ്ട്രീയം പോലും നഷ്ടമാകും. അതു കൊണ്ടാണ് ഇന്ദിരാഗാന്ധി ജഡ്ജിമാരെ മാററം, മാററണമെന്നു തീരുമാനിച്ചത്. അപ്പോൾ അവരുടെ വിധി ന്യായമൊക്കെ മര്യാദയ്ക്കു വന്നുകൊള്ളും. ഇതുതന്നെ മന്ത്രിമാർക്കും ബാധകമാണ്. മന്ത്രിയെ മാററുമെന്ന് ഒരു പ്രസ്താവന വന്നാൽ വാലിളക്കുന്നതിനു പകരം മുഖം ഉപയോഗിക്കു ജന്തുവായിത്തീരും മന്ത്രി. ഇതാണ് വാർദ്ധക്യത്തിൻെറ ലക്ഷണം. വിവാഹം കഴിക്കുന്നതോടെ വാർദ്ധക്യം ആരംഭിക്കും. വിവാഹം കഴിച്ചാൽ, പുര വച്ചാൽ, പശുക്കളെ വാങ്ങിയാൽ നിങ്ങൾക്കു നാടുവിട്ടുപോകാൻ സാധ്യമല്ല ഇത്രയുമായാൽ നിങ്ങൾക്ക് 30 വയസ്സ് മാത്രമേ ആയുള്ളെങ്കിലും നിങ്ങളും ഒരു വൃദ്ധനായിത്തീർന്നു എന്നാണതിൻെറ അർത്ഥം. ഉദ്യോഗം ലഭിക്കാത്തവരെ ലോകത്തിൻെറ അതിരുകളിലേക്ക് ആട്ടിപ്പായിക്കുന്ന ഒരുരീതി നമ്മുടെ നാട്ടിലുണ്ടെന്ന് ഈ സുഖകരമായ വൈകുന്നേരം ഓർക്കാൻ വളരെ വിഷമമാണ്.

ലോകത്തിൽ എല്ലായ്പ്പോഴും രണ്ടു ലിസ്ററുണ്ട്. ലോകം അംഗീകരിക്കുന്നവരുടെ ഒരു ലിസ്ററും ലോകത്തിൽ നിന്നും നിഷ്കാസിതരാകുന്നവരുടെ ഒരു ലിസ്ററുമെന്നു മനസ്സിലാക്കുന്നതാണ് പരമമായ രാഷ്ട്രീയം ഇങ്ങനെയുള്ള കാര്യമാണ് കവികൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. തൻെറ കുടിലിൽ നിന്നു പുറത്താക്കപ്പെട്ട് റോഡരുകിൽ ചെററ കെട്ടി അവിടെ താമസിച്ച് ഒരുദിവസം കള്ളുകുടിച്ചു വന്നീട്ടാണ് വൈലോപ്പിള്ളിയുടെ കുടിയൊഴപ്പിക്കലിലെ തൊഴിലാളി കവിയെ കുററപ്പെടുത്തുന്നത്. ഒരദ്ധ്യാപകനായി ഒരു കവിയായിത്തിരുന്ന മദ്ധ്യവർഗക്കാരൻ ജീവിതദുഃഖങ്ങളെ കുറിച്ച് വളരെ കുറച്ചേ അറിയുന്നുള്ളു. കാളിദാസനെപ്പോലെ (ശകുന്തളയുടെ വിരലിന് പാകമാകാത്ത ഒരു പക്ഷെ ഒരു തടിമാടൻ രാജാവിൻെറ വിരലിനു പററിയ ഒരു മോതിരം, അശ്രദ്ധ കൊണ്ടോ അതിശ്രദ്ധകൊണ്ടോ ഊർന്നുപോയിയെന്നും അതു തിരിച്ചു കിട്ടിയെന്നും പറയുന്നതാണ് ലോകത്തിലെ ഏററവും വലിയ ജീവിതപ്രശ്നമെന്നു തെററിദ്ധരിച്ചഒരുപാവം കവിയാണ് കാളിദാസൻ)

നമുക്ക് സ്ഥലം മാററം ഉണ്ടായാൽ പുതിയ സ്ഥലത്ത് കുട്ടിയെ എങ്ങനെ പഠിപ്പിക്കും എങ്ങനെ ട്യൂഷൻ കൊടുക്കും എന്നതാണ് നമ്മുടെ പ്രശ്നം. ഏത് എച്ചിൽപാത്രത്തിൽ കൈയിട്ട് എൻെറ കുട്ടിക്ക് ചോറ് കൊടുക്കുമെന്നതാണ് റെയിൽവേസ്റേറഷനിലെ അമ്മമാരുടെ പ്രശ്നം.

ഇന്ന് നാം അറിയാത്തവിധം ഒരു കൂടാരത്തിനുള്ളിൽ അടക്കപ്പെട്ടിരിക്കുകയാണ്. സുഖത്തിൻെറ കൂടാരം. ഒരു എൻ. ജി. ഒ യുടെ അധികാരം ഒബ്ജെക്ഷൻ റയിസു ചെയ്യാനുള്ള അധികാരമാണ്. പക്ഷേ ഇത്തരം വാക്കുകൾ നമ്മുടെ കൈയിൽ വന്നു ചേരുന്നതോടെ കൈയിൽ ചൂരലുള്ള ഒരദ്ധ്യാപകനെപ്പോലെ നമ്മൾ ജനങ്ങളെ അടിച്ചു തുടങ്ങുന്നു. വലിയ ആനയെ ചെറിയ ഒരു പാപ്പാൻ അതിലും ചെറിയ ഒരു തോട്ടികൊണ്ട് അടക്കിനിറുത്തുന്നു ചിലപ്പോൾ ആന അടങ്ങി നിൽക്കില്ല ആനക്കാരനെയും തോട്ടിയേയും കൊണ്ടുപോലും ആന പാഞ്ഞെന്നുവരും. ചിന്നം വിളിച്ചു കൊണ്ട് കാട്ടിലേക്കു പോകും. അതിനെയാണ് വിപ്ലവമെന്നു വിളിക്കുന്നത്. ഒരു സാധാരണ നിമിഷത്തിൽ ഒരു എൻ. ജി. ഒ വളരെ ചെറുതാണെന്നും അവരുടെ കൈയിലെ ചൂരൽ അതിലും കൃശമാണെന്നും ജനത മനസിലാക്കുമ്പോൾ നമ്മുടെ കൈയിലുള്ള പുസ്തകവും തസ്തികയുമെല്ലാം അപ്രത്യക്ഷമാകും. ഒരു പുതിയ പ്രളയം ഉണ്ടായിത്തീരുകയും ചെയ്യും. ഇതു നാം ഇഷ്ടപ്പെടുന്നില്ല. പക്ഷേ ഉണ്ടായിക്കഴിഞ്ഞാൽ അംഗീകരിക്കും സിലബസ് മാററാൻ അദ്ധ്യാപകൻ എതിരാണ്. എന്നാൽ സിലബസ് മാറിക്കഴിഞ്ഞാൽ അവൻ അതിൻെറ ആരാധകനായിത്തിരും

ഒരു രാജ്യത്തിലെ വിദ്യാഭ്യാസം അദ്ധ്യാപ

(ശേഷം 19-ാംപേജിൽ)

# പല്ലില്ലാത്ത ഭാസി

പി. ജി. പുരുഷോത്തമൻ പിള്ള

1947-'49 വർഷങ്ങളിലാണ് ഞാൻ ബി.എ.യ്ക്ക് ആലപ്പുഴ സനാതന ധർമ്മ കോളേജിൽ പഠിച്ചത്. അന്നവിടെ മലയാളം പ്രൊഫസറായിരുന്നത് ഒരു കേശവപ്പണിക്കർ സാർ ആയിരുന്നു. പരമസാധുവും സാത്വികനുമായ ഒരു മനുഷ്യൻ. ഒരു ദിവസം രാവിലെ അദ്ദേഹം ക്ലാസ്സിൽ വന്നശേഷം വളരെ ഖിന്ന മാനസനായി ഇങ്ങനെ പറഞ്ഞു.

"I have got a very sad piece of news to tell you. Mr. Gopinatha Kaimal no 27 is no more. Let us all stand-up and pray for his soul for a couple of minutes. പ്രാർത്ഥിക്കാൻ മനസ്സുള്ളവരും ഇല്ലാത്തവരും എല്ലാംകൂടി എഴുന്നേററു രണ്ടുമിനിട്ട് മൗനമായി നിന്നു. ധർമ്മപുത്രർ അശ്വത്ഥാമാഹത എന്നു പറഞ്ഞതുപോലെ പണിക്കർ സാർ പറഞ്ഞതു കാരണം കാര്യം 100% സത്യമായി തന്നെ എല്ലാവരും എടുത്തു.

ഇനി മലയാളം സാർ ഇംഗ്ലീഷു പറഞ്ഞതിനെക്കുറിച്ച് ഒരു വാക്ക്. അന്ന് അതായിരുന്നു പഴക്കം. ഡോക്ടർ ഗോദവർമ്മ യൂണിവേഴ്സിററികോളേജിൽ മലയാളം പഠിപ്പിച്ചിരുന്നതു നൂറു ശതമാനവും ആംഗലത്തിൽ ആയിരുന്നു. "Scan and find out what vrittha it is" എന്നും മററും പറയുക അദ്ദേഹത്തിൻെറ പതിവായിരുന്നു. പണിക്കർ സാറിനു അത്രത്തോളം ആംഗലഭ്രമം ഇല്ലായിരുന്നു എങ്കിലും പഠനേതരമായ ഒരു കാര്യം പറയുമ്പോഴ് ഇംഗ്ലീഷിൽ ആയിക്കൊള്ളട്ടെ എന്നു കരുതിയതായിരിക്കണം. മറെറാരു കാര്യവും ഇത്തരുണത്തിൽ ഓർത്തു പോകുന്നു. ഒരിക്കൽ കൈനിക്കര കുമാരപിള്ള മലയാളം അസോസിയേഷനെ അഭിസംബോധന ചെയ്യുന്നു എന്ന കാര്യത്തിനുള്ള നോട്ടീസ് ഇക്കണോമിക്സ് പ്രൊഫസർ ക്ലാസിൽ വായിച്ചു Mr Kainikara Kumara pilla will address the Malayalam association. The Subject of his talk will be deceptive truths. ഇത്രയും വായിച്ചിട്ട് മലയാളം അറിയാൻ പാടില്ലാത്ത സ്വാമി And what is the Malayalam for it എന്ന് ആരോടിന്നില്ലാതെ ചോദിച്ചു പോയി. ഉടനെ വന്നു വെടിയുണ്ടപോലെ ഉഭയ ഭാഷാപണ്ഡിതനായ മേച്ചേരി ഗോപാലകൃഷ്ണൻെറ ഉത്തരം "ചാതുര്യാത്മക സത്യങ്ങൾ"

നമുക്കു കൈമളുടെ മരണത്തിലേക്കു മടങ്ങാം. അന്നുമുതൽ ടിയാന് പരേതൻ എന്ന പേർ ഏട്ടിൽ പതിഞ്ഞു. കൈമൾ മരിച്ചു പോയി എന്ന് വിഷാദമൂകമായ സ്വരത്തിൽ പണിക്കർ സാറിനോടു പറഞ്ഞതു കൈമളുടെ കൂടെ നിത്യവും അമ്പലപ്പുഴ നിന്നും വന്നു കൊണ്ടിരുന്ന ആർ. രാമ ചന്ദ്രൻ നായർ എന്ന വിദ്യാർത്ഥി ആയിരുന്നു. പാവം പണിക്കർ സാർ അതു വിശ്വസിക്കാതിരിക്കാൻ ഒരു കാരണവും കണ്ടില്ല.

കൈമൾ പിന്നീട് ആർ ആർ സിയോടൊപ്പം എൻ എസ് എസ് കോളേജിൽ ലക്ചററായി. കൈമളുടെയും എൻ എസ് എസ് അധികൃതരുടെയും കൂറു തമ്മിൽ പൊരുത്തപ്പെടായ്കയാൽ അവിടെ നിന്നു പിരിയേണ്ടിവന്നു. ചാക്യാർ ചോദിച്ചമാതിരി "പിരികേ പിരിക്യേ" എന്ന ചോദ്യം ഇന്നും അവശേഷിക്കുന്നു.

കശ്മലൻ-കയ്മൾ എന്നതു ഞങ്ങൾ സംസ്കൃതമാക്കിയതിങ്ങനെയാണ് - പിന്നീട് എസ്ഡി കോളേജിൽപ്രൊഫസറായിപെൻഷൻ പററി. ഇപ്പോൾ അമ്പലപ്പുഴ പാരലൽ കോളേജു നടത്തി കാശുണ്ടാക്കുന്നു ഭാസി-R. R. C. യെ വീട്ടിൽ വിളിക്കുന്നത് അങ്ങനെയാണ്- പരലോകത്ത് പണിക്കരു സാറിനെകണ്ട് തലയിൽ മുണ്ടുമിട്ടു നടക്കുകയായിരിക്കണം.

അമ്പലപ്പുഴ ഉൽസവകാലം ഞങ്ങളുടെയൊക്കെ സമ്മേളനക്കാലമായിരുന്നു. ഭാസിക്ക് സംഗീതത്തിലും കഥകളിയിലും സാമാന്യം നല്ല ഗ്രഹിതമുണ്ട്. കൈമളും തിരെമോശമല്ല. "ആരെടോ നീ നിൻെറ പേരെന്തു ചൊല്ലേണം ആരുടെതേരിതെടോ?" എന്ന നളചരിതം നാലാം ദിവസത്തെ തോടിയിലുള്ള പദം ഭാസി ഒന്നാം

തരമായി പാടും. അമ്പലപ്പുഴ സഹോദരന്മാരുടെ വാൽസല്യഭാജനവും ആയിരുന്നു ഇഷ്ടൻ

ഭാസിയുമായി പിന്നീടു കൂടുതൽ അടുക്കുന്നതു 1967 കാലത്താണ്. അന്നു ഞാൻ എം എൽ ഏ. ആണ്. പ്രൈവററു കോളേജ് അധ്യാപകരുടെ ഒരു സമരം അന്നു നടക്കുന്നുണ്ടായിരുന്നു. അന്തരിച്ച സി. എച്ച്. മുഹമ്മദ്കോയ ആയിരുന്നു അന്നു വിദ്യാഭ്യാസ മന്ത്രി. പി. ഉണ്ണിക്കൃഷ്ണപിള്ള, സി.ബി.സി.വാര്യർ, ഈ ചന്ദ്രശേഖരൻ നായർ, ഇതെഴുതുന്നയാം തുടങ്ങിയവരായിരുന്നു സെലക്ട് കമ്മിററിയിലെ പ്രമുഖന്മാർ. പ്രൈവററു കോളേജ് അധ്യാപകർക്ക് വളരെയേറെ ഗുണകരമായ നിരവധി വകുപ്പുകൾ ബില്ലിൽ ഉൾപ്പെടുത്താൻ ഞങ്ങൾക്കു കഴിഞ്ഞു. R. R. C, ഐ. ജി. ഭാസ്ക്കരപണിക്കർ (പോലീസ് ഐ.ജി.അല്ല) വി.എസ്.. ഔസേഫ്, ഇസഡ് സി. സ്കറിയ (ഇവർ രണ്ടു പേരും പിന്നീടു മാനേജുമെൻറിൻെറ ആളുകളായി) തുടങ്ങിയവരായിരുന്നു അധ്യാപക നേതാക്കൾ. ദിവസേന എന്നവണ്ണം ഞങ്ങൾ കൂടുമായിരുന്നു. ശരിയായ ലോബിയിങ്ങ് നടന്നത് അന്നാണ്. അതിൻെറ ഫലമായി യൂണിവേഴ്സററി നിയമം എന്ന പേരാണെങ്കിലും പ്രൈവററ് കോളേജ് അധ്യാപക ബിൽ എന്നു വിശേഷിപ്പിക്കാവുന്ന ഒരു ബിൽ പാസാക്കി എടുക്കാൻ കഴിഞ്ഞു.

അഞ്ചാം ലോക സഭയിലേക്ക് ഇടതു സ്വതന്ത്ര സ്ഥാനാർത്ഥിയായി രാമചന്ദ്രൻ നായർ കോട്ടയം മണ്ഡലത്തിൽ നിന്നു മത്സരിച്ചതും അമ്പലപ്പുഴ രാമവർമ്മ മന്നത്തു പത്മനാഭനെ ഭർത്സിച്ച പ്രസംഗിച്ച എന്നൊരുകഥ മനോരമ മെനഞ്ഞു പ്രചരിപ്പിച്ചതും RR C പൊട്ടിപൊളിഞ്ഞതും ആണ് പിന്നീട് ഓർക്കുന്ന സംഗതി.

അടിയന്തിരാവസ്ഥ എന്ന കാള രാത്രി. അതിനു മുമ്പിലത്തെ സിൻഡിക്കേററിൽ ഫലപ്രദമായി പ്രവർത്തിച്ച എസ് രാമചന്ദ്രൻ പിള്ള മിസാതടവുകാരൻ. എന്തു വിലകൊടുത്തും റജിസ്റ്ററേഡ് ഗ്രാഡുവേററ് കോൺസ്ററിററ്യുവൻസിയിൽ നിന്നും S R P യെ വിജയിപ്പിക്കണം എന്നു പാർട്ടി തീരുമാനിച്ചു. അന്നു യൂണിവേഴ്സിററി കാര്യങ്ങളിൽ പാർട്ടി സെക്രട്ടറിയേററിനെ ഉപദേശിക്കാൻ രൂപീകരിച്ചിരുന്ന സബ്കമ്മററിയിൽ S R P യും സി പി നാരായണനും ഞാനുമാണുണ്ടായിരുന്നത്. എസ് ആർ പി ജയിലിൽ ആയിരുന്നതിനാൽ സി പി യും ഞാനുംകൂടി ഒരു നിർദ്ദേശം മുന്നോട്ടുവെച്ചു. പത്തുവോട്ടെങ്കിലും പിടിച്ചെടുക്കാൻ കഴിയുന്നവരൊക്കെ മത്സരിക്കുക. ബാലററു കടലാസ് ബ്ലാങ്കായി ശേഖരിച്ച് എസ് ആർ പിയ്ക്ക് ഒന്നാം പ്രിഫറൻസ് അടയാളപ്പെടുത്തുക. എണ്ണൂറിൽ അധികം ബാലററു കിട്ടി.

അതു മാർക്കു ചെയ്യാൻ എൻെറ മുറിയിൽ കൂടി ചർച്ച ചെയ്തു. സാധ്യതകൾ കണക്കിലെടുത്തു കുറച്ച് വോട്ട് എം ആർ ചന്ദ്രശേഖരനും കൊടുക്കാം എന്നുവെച്ചു. അതെല്ലാം മാർക്കുചെയ്തത് അർദ്ധ രാത്രിയോടുകൂടി അദ്ദേഹംതന്നെ യൂണിവേഴ്സിററി ആഫീസിൻെറ മുമ്പിലുള്ള പെട്ടിയിൽ നിക്ഷേപിച്ചിട്ട് രായ്ക്കു രാമാനം സ്ഥലം വിടുകയും ചെയ്തു. MRC ജയിച്ചോ തോററോ എന്ന് ഞാൻ ഓർക്കുന്നില്ല. SRP ജയിച്ചു.

ഇപ്പോൾ എം ആർ സി യ്ക്കും. സ്വന്തമായി ഒരു പ്രൈവററു കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ഉണ്ടെന്നു തോന്നുന്നു.

ഭാസിയുടെ വീട്ടിൽ നിരവധി പ്രാവശ്യം ഞാൻ അതിഥിയായി കൂടിയിട്ടുണ്ട്. അമ്പലപ്പുഴമാത്രമല്ല ഒററപ്പാലത്തുപോലും. ഭാസിയുടെ ഭാര്യ ശാന്തമ്മ ഒന്നാംതരം ആതിഥേയയും പാചക വിദഗ്ധയും ആണ്. ചിലരുടെ ആതിഥ്യം ഒരിക്കൽ സ്വീകരിച്ചാൽ പിന്നീട് അങ്ങോട്ട് ചെല്ലണമെന്ന് തോന്നുകയില്ല. കാരണം ഗൃഹനാഥതന്നെ. ഭാസി അക്കാര്യത്തിൽ മഹാഭാഗ്യവാനായിരുന്നു.

അവരുടെ ആതിത്യം ഒടുവിൽ സ്വീകരിച്ചത് ശാന്തമ്മയുടെ അമ്മാവൻ വാസുദേവ കൈമൾ മരിച്ചപ്പോഴായിരുന്നു. അന്ന് എൻെറ സഹധർമ്മിണിയും കൂടെ ഉണ്ടായിരുന്നു. □

വായിക്കുക
കേരള
പ്രൈവററ് കോളേജ് ടീച്ചർ
മാസിക

# ചോദ്യോത്തര പംക്തി

പി. ഹരിദാസൻ
സെക്രട്ടറി, എ.കെ.പി.സി.ടി.എ

**ജോർജ് എം. വർഗീസ്, കോട്ടയം**

ചോദ്യം: യു ജി സി സ്കീമിൽ വരുന്ന ഒരു അദ്ധ്യാപകനാണു ഞാൻ 1-1-86 ൽ 8 വർഷം സർവ്വീസ് പൂർത്തിയായി. സീനിയർ ലക്ചറർ ആയി പ്ലേയ്സ്മെൻറ് കിട്ടി. എൻെറ ശമ്പളം അന്നേ തീയതി മുതൽ 3000-5000 സ്കെയിലിൽ രൂപ 3000 ത്തിൽ നിജപ്പെടുത്തി. ഇപ്പോൾ എൻെറ ശമ്പളം 3625 രൂപയാണ്. 1-1-94ൽ 16 വർഷം പൂർത്തിയാകുമ്പോൾ എനിക്ക് സെലക്ഷൻ ഗ്രേഡു ലക്ചറർ ആയി പ്രൊമോഷൻ ലഭിക്കുമല്ലോ. അന്ന് എൻെറ ശമ്പളം എത്ര രൂപയിൽ നിജപ്പെടുത്തും?

(b) ഞാനിപ്പോൾ എം. ഫിൽ ഡിഗ്രി കോഴ്സിനു പഠിച്ചു വരികയാണ്. 1-1-93 നു മുമ്പ് എനിക്കു ഡിഗ്രി ലഭിച്ചാൽ എന്തെങ്കിലും പ്രയോജനം ഉണ്ടോ? അഡ്വാൻസ് ഇംക്രിമെൻറ് കിട്ടുമോ. 1-1-93 ൽ എൻെറ ശമ്പളം എത്രരൂപ ആയിരിക്കും. ദയവു ചെയ്ത് എൻെറ സംശയങ്ങൾക്ക് വിശദമായ മറുപടി തരണമെന്നഭ്യർത്ഥിക്കുന്നു.

ഉത്തരം: 1-1 94 ൽ 16 വർഷം സർവ്വീസ് പൂർത്തിയാക്കിയതു കൊണ്ടു മാത്രം താങ്കൾക്ക് സെലക്ഷൻ ഗ്രേഡു ലഭിക്കണമെന്നില്ല. Go (P) No 79/90/H. Edn dt 27/3/90 ൻെറ അനുബന്ധമായി ചേർത്തിട്ടുള്ള യു.ജി.സി സ്കീമിൻെറ 5.05 പാരഗ്രാഫിൽ പറയുന്ന നിബന്ധനകൾക്കു വിധേയമായി മാത്രമേ സെലക്ഷൻ ഗ്രേഡു ലഭിക്കുകയുള്ളു. അതല്ലെങ്കിൽ ഈ നിബന്ധനകൾക്ക് സർക്കാർ ഇളവു വരുത്തണം.

ഇനി 1-1-94 ൽ താങ്കളുടെ ശമ്പളം എങ്ങിനെ നിജപ്പെടുത്തുന്നുവെന്നു പരിശോധിക്കാം ഇതിനായി വ്യക്തമായൊരു മാർഗ്ഗനിർദ്ദേശം ഇനിയും നൽകിയിട്ടില്ല. എങ്കിലും യൂ. ജി.സി ശമ്പളനിർണ്ണയത്തിനുള്ള ചട്ടങ്ങളും, കേന്ദ്രസർക്കാർ ജീവനക്കാരുടെ ശമ്പളനിർണ്ണയത്തിനുള്ള ചട്ടങ്ങളും ഏതാണ്ട് ഒന്നുതന്നെ ആയതുകൊണ്ട്, പ്രസ്തുത ജീവനക്കാർക്കു ബാധകമായ ചട്ടങ്ങൾ നമുക്കും ബാധകമാക്കാവുന്നതാണ്. അങ്ങിനെ ആയാൽ F. R 22 C അനുസരിച്ച് താങ്കളുടെ ശമ്പളം സെലക്ഷൻ ഗ്രേഡു തസ്തികയിൽ നിജപ്പെടുത്താം. അതായത് നോൺ കേഡർ പ്രൊമോഷൻ ലഭിക്കുമ്പോൾ ശമ്പളം നിർണ്ണയിക്കുന്ന രീതി ഇവിടേയും അവലംബിക്കാവുന്നതാണ്. ശമ്പള നിർണ്ണയം: ലോവർ സ്കെയിൽ

രൂപ 3000-100-3500-125-5000

ഹയർ സ്കെയിൽ രൂപ 3700-125-4950-150-5700

| | |
|---|---|
| ലോവർ സ്കെയിലിൽ 1-1-94 ലെ ശമ്പളം | രൂപ 3875 |
| ലോവർ സ്കെയിലിൽ ഒരു നോഷണൽ ഇംക്രിമെൻറ് കൂട്ടുക | രൂപ 125 |
| ആകെ | 4000 |

ഇത് ഹയർ സ്കെയിലിൽ ഒരു സ്റ്റേജല്ലാത്തതുകൊണ്ട് അടുത്ത സ്റ്റേജായ രൂപ 4075ൽ ശമ്പളം നിജപ്പെടുത്തേണ്ടതാണ്. അപ്പോൾ 1-1-94 ൽ സെലക്ഷൻ ഗ്രേഡിലെ ശമ്പളം രൂപ 4075.

(b) താങ്കൾ എം. ഫിൽ കോഴ്സിനു പഠിച്ചുകൊണ്ടിരിക്കുകയാണല്ലോ. 93നു മുമ്പ് താങ്കൾക്കു ഡിഗ്രി ലഭിച്ചാൽ, ഒരു വർഷം നേരത്തേ അതായത് 15 വർഷം സർവ്വീസ് പൂർത്തിയാകുന്ന 1-1-93 ൽ താങ്കൾക്ക് സെലക്ഷൻ ഗ്രേഡു ലഭിക്കാം. എന്നാൽ അഡ്വാൻസ് ഇംക്രിമെൻറ് ലഭിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല 1-1-93ൽ ശമ്പളം നിർണ്ണയിക്കുന്ന രീതി നോക്കാം. 1-1-93ലെ ശമ്പളം-

| | |
|---|---|
| | രൂ 3750 |
| ലോവർ സ്കെയിലിൽ ഒരു നോഷണൽ ഇംക്രിമെൻറ് കൂട്ടുക | രൂ 125 |
| ആകെ | രൂ 3875 |

ഇത് ഹയർ സ്കെയിലിൽ ഒരു സ്റ്റേജല്ലാത്തതുകൊണ്ട്, അടുത്ത സ്റ്റേജായ 3950 രൂപയിൽ ശമ്പളം നിജപ്പെടുത്തണം. അപ്പോൾ 1-1-93 ൽ സെലക്ഷൻ ഗ്രേഡിലെ ശമ്പളം 3950 രൂപയും അടുത്ത ഇംക്രിമെൻറ് തീയതി ആയ 1-1-94 ൽ ശമ്പളം 4075 രൂപയും

ആയിരിക്കും. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു. എം. ഫിൽ ഡിഗ്രി ഉള്ളവർക്കും അതില്ലാത്തവർക്കും 10 വർഷം കഴിയുമ്പോൾ ലഭിക്കാനിടയുള്ള ശമ്പളം ഒന്നുതന്നെ ആയിരിക്കും.

## ദിലീപ് കുമാർ, കൊല്ലം

**സംശയം :-** ഈ വർഷത്തെ ആദായ നികുതി പ്ലാൻ ചെയ്യുന്നതിനെക്കുറിച്ചാണെന്റെ സംശയം. എന്റെ ശമ്പളത്തെപ്പററിയുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. അടിസ്ഥാന ശമ്പളം രൂ. 3300 ഡി.എ. രൂ. 1980 (60%) വീട്ടുവാടക അലവൻസ് രൂ. 125, പി. എഫ്. രൂ 500 പി. എഫ്. ലോൺ തിരിച്ചടയ്ക്കുന്നത് രൂ. 500. എൽ. ഐ സി. രൂ 140 ഗ്രൂപ്പ് ഇൻഷുറൻസ് രൂ. 30 തൊഴിൽക്കരം ഒരു വർഷം 150 രൂ. എന്റെ ഇംക്രിമെൻറ് തീയതി സെപ്തംബർ ഒന്നാണ്. ആദായനികുതി നൽകുന്നത് ഒഴിവാക്കാൻ ഞാൻ എത്ര രൂപ പി. എഫിലോ, അതുപോലുള്ള മററു സമ്പാദ്യ പദ്ധതികളിലോ നിക്ഷേപിക്കണം. അഥവാ നികുതി അടയ്ക്കാനാണു തീരുമാനിക്കുന്നതെങ്കിൽ പ്രതിമാസം എത്ര രൂപവച്ചു നൽകണം. താമസം സ്വന്തം വീട്ടിലാണ്.

**ഉത്തരം.** ഈ വർഷം ഇനി ലഭിക്കാനിടയുള്ള ഇംക്രിമെൻറ്, ഡി. എ. വർദ്ധന, ബോണസ് അല്ലെങ്കിൽ ഉത്സവബത്ത, ഡി. എ. കുടിശിക എന്നിവകൂടി കണക്കിലെടുത്തു വേണം എത്ര രൂപ ആദായ നികുതി നൽകേണ്ടിവരുമെന്നു കണക്കാക്കാൻ. അതിൻ പ്രകാരം

| ആകെവരുമാനം : | | | രൂ. |
|---|---|---|---|
| 1 | അടിസ്ഥാനശമ്പളം (3/92 to 2/93) (A) | | 40200 |
| 2 | ഡി എ (B) | | 25770 |
| 3 | വീട്ടുവാടക 125 × 12 | | 1500 |
| 4 | ഉത്സവബത്ത (വരുന്ന ഓണക്കാലത്തു ലഭിക്കുമെന്ന പ്രതീക്ഷിക്കുന്ന തുക) | | 500 |
| 5 | ഡി. എ കുടിശിക. (C) | | 5856 |
| | ആകെ സാലറി | | 73826 |
| കിഴിവ് (1) | സ്ററാൻഡേർഡ് ഡിഡക്ഷൻ | 12000 | |
| (2) | തൊഴിൽക്കരം : | 150 | 12150 |
| | നികുതി നൽകേണ്ട ആദായം | | 61676 |

അടുത്ത പത്തുരൂപയിലേയ്ക്ക് റൗണ്ട് ചെയ്തത് 61680

നികുതി = 7804

റിബേററ്: പി. എഫ് രൂ. 500 × 12 = 6000

ഡി. എ. കുടിശിക. പി. എഫിലേയ്ക്ക് മാററിയത് = 5856

എൽ. ഐ. സി. പ്രീമിയം 140 × 12 = 1680

ഗ്രൂപ്പ് ഇൻഷുറൻസ് 30 × 12 = 360

ആകെ സമ്പാദ്യം = 13896

റിബേററ് $= \frac{13896 \times 20}{100} =$ 2779

നൽകേണ്ട നികുതി = 5125

നോട്ട് (A) 3/92 to 8/92

Rs 3300 × 6 = 19800

9/92 to 2/93 Rs 3400 × 6 = 20400

40200

(B) 3/92, 4/92 Rs. 1683 × 2 = 3366

5/92 to 8/92 Rs. 1980 × 4 = 7920

9/92 to 3/93 Rs 2414 × 6 = 14484

25770

3/92 to 4/92 ഡി. എ. 51% വച്ചും, 5/92 to 8/92 ഡി. എ. 60% വച്ചും കണക്കാക്കിയിരിക്കുന്നു. 9/92 to 2/93 വരെ ഡി. എ. 71% ആയി വർദ്ധിക്കുമെന്ന പ്രതീക്ഷയിലാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ സെപ്തംബർ 92 മുതൽ ഒരു ഇംക്രിമെൻറ് കൂടെ ലഭിക്കുമല്ലോ. 1-7-91 മുതൽ ഡി. എ. 60% ആയി വർദ്ധിച്ചെങ്കിലും ഏപ്രിൽ 92 വരെ ഉള്ള കുടിശിക പി. എഫിൽ ലയിപ്പിക്കണം. അതുപോലെ 1-1-92 മുതൽ ഒരു ഗഡു ഡി. എ കൂടി കുടിശിക ആയിട്ടുണ്ട്. ഇതു കൂടി അനുവദിച്ചാൽ 3500 രൂപവരെ ശമ്പളം ഉള്ളവർക്ക് ഡി. എ. 71% ആകും. സെപ്തമ്പറിൽ ഇതുത്തരവായാൽ ആഗസ്ററുവരെ ഉള്ള കുടിശിക പി. എഫിൽ ലയിപ്പിക്കേണ്ടിവരുമെന്നു പ്രതീക്ഷിക്കുന്നു.

(ശേഷം പേജ് 12-ൽ)

# തേജസ്സിൻെറ തീരം

എം. എസ് വസന്തകുമാർ
ലക്ചറർ, എസ്.എൻ. കോളേജ് പുനലൂർ

പൂർവ്വദിങ് മുഖ ഹോളി
വർണ്ണങ്ങളെഴും ഉഷ:
സന്ധ്യകളുണർത്തുന്ന
മനോജ്ഞ തീരങ്ങളിൽ,

മൂന്ന് സാഗരങ്ങളും
സ്നാനലാസ്യത്തിൽ പിന്നെ
ആശ്ലേഷ ലയങ്ങളിൽ
മുഴുകും 'ചത്വര'ത്തിൽ,
പശ്ചിമാംബരത്തിലെ
ശ്രീല ചിത്രങ്ങൾ നെയ്യും
സുന്ദരാന്തികം വാസം
കുറിച്ച പ്രദേശത്തിൽ,

പൂർണ്ണചന്ദ്രനും ബാല–
സൂര്യനും മേടത്തിൻെറ
ചക്രവാളത്തിലൊന്നായ്
വരും സമുദ്രാന്തത്തിൽ,

വന്നു ഭാരതത്തിൻെറ
ദക്ഷിണ പാരമ്യത്തിൽ
ഈ സങ്കേതത്തിൽ പുണ്യ
സന്നിധി തേടി മഹാൻ!

ത്യാഗ ശാലിതയിലും
സ്നേഹ ഗാഢതയിലും
സാത്മ്യം പ്രാപിച്ച ഘൃണ
ധന്യനാം മഹാത്മജി,

അപൂർണ്ണ സിദ്ധാന്തങ്ങൾ–
ക്കറുതി വരുത്തി സദ്–
വൃത്തി സത്യമാക്കിടും
തത്വങ്ങൾ കുറിച്ചയാൾ,

ഹിംസ തൻ കലുഷിത
നിലങ്ങൾ താണ്ടി ശാന്തി–
സന്ദീപ്തമോതിത്തന്ന
ധന്യനാം 'യമീശ്വരൻ',

ലൗകിക സംതൃപ്തിയും
ആത്മീയ വികാസവും
സംഗമോൽസവം തീർക്കും
ജീവിതപ്പറമ്പിലെ -

ശുഷ്കമാം വ്രതയാത്ര
നയിച്ച തേജോരൂപൻ
രചിച്ചു കാലം തൊഴും
മുദ്രകളിവിടത്തിൽ,

എങ്കിലും പണിതു നാം
വിസ്മയാദരങ്ങളാൽ
'ഗാന്ധി സ്മാരകം' തെക്കൻ
മുനമ്പിൻ ചൈതന്യമായ്....
ദേശത്തിലശാന്തിതൻ
ഹിംസ്രതാണ്ഡവത്താലോ
അശ്രാവ്യമാകുന്നു നിൻ
വൈദുഷ്യ ഗീതകങ്ങൾ?

അഘതാപത്താൽ നിത്യം
കാശ്മീര മുരുകുമ്പോൾ
വായ്ക്കുന്നു പഞ്ചനദ
രുധിര ശോണവർണ്ണം,
ഉത്തര പൂർവ്വശൈല
വ്രാജങ്ങൾ കിടുങ്ങുന്നു
തമിഴിൻ ഹൃദയമോ
വ്യാഘ്രങ്ങൾ കവരുന്നു,

സത്യോപാസകൻ നിൻെറ
ധന്യത തളർത്തുവാൻ
അസത്യ ഗവേഷകർ
ശിഷ്യമാനികർ നില്പൂ!

ഭീഷണമാർഷഭൂമി
തുരത്തി വിടുന്ന നിൻ
ചൈതന്യമെനകളീ
തീരത്തിലുണരുന്നു....

മൂല്യങ്ങളധൃഷ്യമാം
പ്രാണപത്രങ്ങരം വീശി
ഋതുചര്യയെന്നപോൽ
ഇവിടേയ്ക്കണയുന്നു....

അഭൂത പൂർവ്വമൊരു
'വസന്തം' ഇവയാലീ
തേജസ്സിൻ പൂമുററത്തെ
പുഷ്ടമാക്കുന്നു നൂനം!

വന്നിടാമിനി ദ്രുതം
ഹൃദയം നോവുന്നവർ
സഹസ്രം, ആശ്വാസത്തിൻ
സദനം ഇവിടല്ലേ?

മൂന്നുസാഗരങ്ങളും
നീറും മാനസങ്ങളിൽ
സാന്ത്വന വചസ്സിൻെറ
ഇരമ്പമുതിർത്തിടും,

ഉന്മേഷക്കുളിർ ചാർത്താൻ
കർമ്മേന്ദ്രിയങ്ങരം തൊട്ടു
തഴുകി കടൽക്കാററിൻ
ചാമരം ചലിച്ചീടും,

സന്ധ്യാംശമയൂരങ്ങരം
നിറപ്പീലികരം നീർത്തി
ഉണർവ്വിൻ ഭ്രമോജ്വല
നടനം തുടങ്ങീടും,

വരുവിൻ വേഗം വേഗം
വ്യഥിത മാനസരേ
പ്രഥിത തേജസ്സിൻെറ
തീരത്തിലൊരുമിക്കാം!

---

(10-ാം പേജിൻെറ തുടർച്ച)

(C) 7/92 to 8/92 = 576.
Rs. 288 × 2 (3200 × 9% × 2)
9/92 to 4/92 = 2376
Rs. 297 × 8 (3300 × 9% × 8)
1/92 to 8/92 = 2904
Rs. 363 × 8 (3300 × 11% × 8)
5856

ഈ തുക മുഴുവൻ യഥാസമയം പി. എഫ് ലേയ്ക്കു മാററുന്നുവെന്നു കരുതുന്നു. പി. എഫ്. ലോൺ റിക്കവറി നികുതിയിളവിനു കണക്കാക്കുന്നതല്ല.

ജൂൺ മാസത്തെ ശമ്പളം മുതൽ നികുതി നൽകുന്നുവെങ്കിൽ, താങ്കരം ഒൻപതു തുല്യ ഗഡുക്കളായി നികുതി അടയ്ക്കുന്നതാണു സൗകര്യം. അതായത് പ്രതിമാസം 570/– രൂപ വച്ചു നികുതി അടയ്ക്കണം.

നികുതിയിൽ നിന്നും ഒഴിവാകണമെങ്കിൽ പ്രതിമാസം 3333 രൂപയിൽ കൂടുതലുള്ള വരുമാനം മുഴുവൻ സമ്പാദിക്കേണ്ടിയിരിക്കുന്നു. പി. എഫ്, എൽ ഐ. സി., എൻ. എസ്. എസ്, എൻ. എസ്. ഡി. തുടങ്ങി നിരവധി സമ്പാദ്യ പദ്ധതികളുണ്ട്. ഇവയിലേതിലെങ്കിലും പണം നിക്ഷേപിച്ചാൽ നികുതി നൽകുന്നതിൽ നിന്നും ഒഴിവാകാം. വിവിധയിനം സമ്പാദ്യ പദ്ധതികളെക്കുറിച്ച് പിന്നീടൊരിക്കൽ പ്രതിപാദിക്കാം. □

---

## പ്രൊഫ. റിബേക്കാ ചെറിയാന് യാത്ര അയപ്പ്

രണ്ടു പതിററാണ്ടുകാലത്തെ പ്രശസ്ത സേവനത്തിനുശേഷം കോലഞ്ചേരി സെൻറ് പീറേറഴ്സ് കോളേജ് സുവോളജി വിഭാഗത്തിൽ നിന്നും വിരമിച്ച പ്രൊഫ. റിബേക്കാ ചെറിയാന് എ കെ പി സി ടി എ കോലഞ്ചേരി ബ്രാഞ്ച് സ്നേഹനിർഭരമായ യാത്ര അയപ്പു നൽകി.

# GOVERNMENT OF KERALA

## ABSTRACT

യു. ജി. സി. തടഞ്ഞുവച്ച ശമ്പളം
Higher Education - Implementation of UGC Scheme - Teachers appointed after the date of implementation of UGC Scheme - Regularisation of appointment and payment of salary- Clarifications - Order sissued.

---

Higher Education (B) Department
G O. (Rt) No. 1020/92/H.Edn. Thiruvananthapuram, Dated :2/7/92

---

Read:- 1. Govt. lr. No. 15347/B2/91/H. Edn. dt. 20/6/91.

2. Note dated 6-2-92 from the Director of Collegiate Education, Thiruvananthapuram.

In the letter read as first paper above, Government had instructed that the new work-load as per UGC Scheme should be introduced in all Government and Private Colleges. New posts should be approved by the Universities with reference to the norms of the UGC work-load. Appointments against the vacancies consequent on the retirement/ leave vacancy should be made with reference to UGC workload wef. 13.3.90. Surplus hands in the Government and Private Colleges on the basis of the UGC work-load should be treated as supernumerary and redeployed to other colleges having extra workload under the same Corporate Management.

2. It is found that in the case of certain appointments made by some private colleges UGC norms have not been strictly followed. Government have been receiving representations from various private college teachers' organisations regarding non payment of salary to certain teachers who got appointment after the date of implementation of the UGC Scheme. Director of Collegiate Education has pointed that salaries of more than 150 private college teachers have been withheld due to non-receipt of University approval insufficient workload and for want of sufficient qualifications as per UGC norms.

3. Government have examined the matter in detail and further clarify as follows :-

(i) There will be no relaxation in academic qualifications of the teachers appointed after 13-3-90. They should have obtained 55% marks in the post-graduate course of the concerned subject. Some of the teachers appointed after 13-3-90 might not have had the opportunity to pass the UGC test. All these persons should pass the eligibility test within one year from the date of issue of this order. However, in future appointments the qualifications regarding the passing of the test should be strictly applied.

(ii) The teacher who gotreappointment after 13-3-90 but before 20-6-91 should also pass the eligibility test within one year from the date of this order.

